2024
JULY
02
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കേരളത്തിൽ 6 ജില്ലകളിൽ യെലോ അലർട്ട്; കള്ളക്കടലിനും ഉയർന്ന തിരമാലയ്ക്കും സാധ്യത

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നും പരക്കെ മഴയ്ക്ക് സാധ്യത. ചിലയിടങ്ങളിൽ കനത്ത മഴ പെയ്തേക്കാം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെലോ അലർട്ടാണ്. കേരളാ തീരത്ത് ഉയർന്ന തിരമാലകൾക്ക് സാധ്യതയുണ്ട്. മത്സ്യബന്ധനം വിലക്കി. കേരളാ തീരം മുതൽ മഹാരാഷ്ട്ര തീരം വരെയായി ന്യൂനമർദപാത്തി നിലനിൽക്കുന്നുണ്ട്. വടക്കൻ ഗുജറാത്തിനു മുകളിലായി ചക്രവാതച്ചുഴിയുമുണ്ട്. ഇതിന്റെ സ്വാധീനഫലമായാണ് മഴ തുടരുന്നതെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു.

കേരള തീരത്തും തമിഴ്നാട് തീരത്തും ബുധനാഴ്ച രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണം.

## നീറ്റ് പുനഃപരീക്ഷ എഴുതിയ ആർക്കും മുഴുവൻ മാർക്കില്ല; ടോപ്പ് സ്കോറർമാർ 61 ആയി കുറഞ്ഞു



**ന്യൂഡൽഹി:** നീറ്റ് പുനഃപരീക്ഷ എഴുതിയ 813 പേരിൽ ആർക്കും മുഴുവൻ മാർക്കില്ല. ആദ്യം നടത്തിയ പരീക്ഷയിൽ ആറു പേർക്കു മുഴുവൻ മാർക്കും ലഭിച്ചിരുന്നു. ഇതോടെ ഈ വർഷത്തെ മെഡിക്കൽ പ്രവേശന പരീക്ഷയിൽ മുഴുവൻ മാർക്കും ലഭിച്ച വിദ്യാർഥികളുടെ എണ്ണം 61 ആയി കുറഞ്ഞു. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട് ആരോപണത്തിനു പിന്നാലെ വീണ്ടും നടത്തിയ നീറ്റ് യുജി പരീക്ഷയുടെ ഫലം തിങ്കളാഴ്ച രാവിലെയാണ് ദേശീയ ടെസ്റ്റിങ് ഏജൻസി (എൻടിഎ) പുറത്തുവിട്ടത്. ആരോപണം നേരിട്ട ആറ് സെന്ററുകളിലെ 1563 വിദ്യാർഥികൾക്കാണു പുനഃപരീക്ഷ നടത്തിയത്. ഇവരിൽ 813 പേർ മാത്രമാണു വീണ്ടും പരീക്ഷയെഴുതിയത്.

മുഴുവൻ സമയവും ലഭിച്ചില്ലെന്നു കാട്ടി മേഘാലയ, ഹരിയാനയിലെ ബഹാദുഗഡ്, ഛത്തിസ്ഗഡിലെ ദന്തേവാഡ, ബലോഡ്, ഗുജറാത്തിലെ സൂറത്ത്, ചണ്ഡിഗഡ് എന്നീ ആറു കേന്ദ്രങ്ങളിലെ വിദ്യാർഥികൾ ഹൈക്കോടതികളെ സമീപിച്ചിരുന്നു. ഇതു പരിശോധിക്കാൻ നിയോഗിച്ച സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഈ കേന്ദ്രങ്ങളിലെ 1563 പേർക്കു ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിക്കുകയായിരുന്നു. എന്നാൽ നടപടിക്കെതിരെ പ്രതിഷേധമുയർന്നതോടെ ഫലം റദ്ദ് ചെയ്യാനും പുനഃപരീക്ഷ നടത്താനും സുപ്രീം കോടതി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിലാണു പരീക്ഷ നടത്തിയത്.

# കൂടുതൽ സഹകരണ ബാങ്കുകളിലേക്ക് ഇ.ഡി




**കൊച്ചി:** ബിനാമിഅനധികൃതവായ്പകൾക്കു സി.പി.എം. കമ്മീഷൻ കൈപ്പറ്റിയെന്ന പരാതിയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) അന്വേഷണം കൂടുതൽ സഹകരണ ബാങ്കുകളിലേക്ക്. തൃശൂരിലെ കരുവന്നൂരിലേതിനു സമാനമായി സി.പി.എം. ഭരിക്കുന്ന മറ്റ് പല സഹകരണ ബാങ്കുകളിലും അനധികൃതവായ്പകൾ തരപ്പെടുത്തി നൽകി കോടികൾ സംഭാവന കൈപ്പറ്റിയെന്ന പരാതികളിലാണ് അന്വേഷണം.

കരുവന്നൂരിനു പുറമേ 12 സഹകരണ ബാങ്കുകളിൽക്കൂടി നിയമലംഘനം നടന്നതായി ഇ.ഡി. കണ്ടെത്തിയിരുന്നു. എട്ട് ബാങ്കുകൾ അന്വേഷണം നേരിടുന്നുമുണ്ട്. കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ സി.പി.എമ്മിന്റെ 63.62 ലക്ഷം രൂപയുടെ സ്വത്തുവകകൾ ഇ.ഡി. കണ്ടുകെട്ടിയിരുന്നു. കരുവന്നൂരിൽ സി.പി.എമ്മിനു ലഭിച്ചത് അനധികൃതവായ്പകൾക്കായി നേതാക്കൾ ഇടപെട്ടതിന്റെ കമ്മീഷനാണെന്നും കണ്ടെത്തി. സമാനമായി, സി.പി.എം. ഭരിക്കുന്ന മറ്റ് സഹകരണ ബാങ്കുകളിലും നടന്നിരിക്കാമെന്ന നിഗമനത്തിലാണ് അന്വേഷണം വ്യാപിപ്പിക്കുന്നത്.

വായ്പാത്തട്ടിപ്പ് നടന്ന അയ്യന്തോൾ, മാരായമുട്ടം, കണ്ടല, ചാത്തന്നൂർ, മൈലപ്ര, മാവേലിക്കര, തുമ്പൂർ, നടയ്ക്കൽ, കോന്നി റീജണൽ, ബി.എസ്.എൻ.എൽ. എൻജിനീയേഴ്സ്, മൂന്നിലവ്, പെരുകാവില എന്നീ 12 സഹകരണ ബാങ്കുകളുടെ വിവരങ്ങൾ ഇ.ഡി. ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നു. ഇവിടങ്ങളിലും രാഷ്ട്രീയപങ്കാളിത്തത്തോടെ കമ്മീഷൻ ഇടപാടുകൾ നടന്നോയെന്നാണ് അന്വേഷണം.

സ്വർണലേലം ക്രമക്കേടുകളിലും ഇ.ഡി. അന്വേഷണം നടന്നുവരുന്നു.

യഥാർഥമൂല്യത്തിലും കുറച്ച് സ്വർണം ലേലംചെയ്തുള്ള കമ്മീഷൻ ഇടപാടുകൾ ബാങ്കുകളിൽ നടന്നിട്ടുണ്ട്. സി.പി.എമ്മിന്റേതടക്കം 29.29 കോടിയുടെ സ്വത്തുക്കളാണ് ഇ.ഡി. കഴിഞ്ഞദിവസം കണ്ടുകെട്ടിയത്. ഇതോടെ, ആകെ കണ്ടുകെട്ടിയ സ്വത്തുക്കളുടെ മൂല്യം 117.78 കോടിയായി.



## യൂറോകപ്പ്: കോസ്റ്റ കാത്തു; പോർച്ചുഗൽ ക്വാർട്ടറിൽ

**ബെർലിൻ:** ആവേശപ്പോരിനൊടുവിൽ പെനാൽറ്റി ഷൂട്ടൗട്ടിൽ സ്ലൊവേനിയെ 30 ന് തകർത്ത് പോർച്ചുഗൽ യൂറോകപ്പ് ക്വാർട്ടറിൽ. ഗോൾകീപ്പർ ഡിയാഗോ കോസ്റ്റയുടെ തകർപ്പൻ സേവുകളാണ് പോർച്ചുഗലിനെ രക്ഷിച്ചത്. സ്ലൊവേനിയയുടെ മൂന്ന് കിക്കുകൾ കോസ്റ്റ തടുത്തിട്ടു.

മത്സരത്തിലെ മുഴുവൻ സമയവും അധികസമയത്തും ഇരുടീമുകൾക്കും ഗോൾനേടാൻ കഴിയാതെവന്നതോടെ മത്സരം പെനാൽറ്റിയിലേക്കു നീങ്ങുകയായിരുന്നു. മത്സരത്തിലുടനീളം തലങ്ങും വിലങ്ങും ആക്രമിച്ച് മുന്നേറിയ പോർച്ചുഗിലിന് സ്ലൊവേനിയൻ പ്രതിരോധം തകർക്കാനായില്ല.

അധികസമയത്തിലും പോർച്ചുഗീസ് മുന്നേറ്റം തുടർന്നു. ആദ്യ പകുതി അവസാനിക്കാൻ സെക്കൻഡുകൾ ബാക്കി നിൽക്കേ പോർച്ചുഗലിന് അനുകൂലമായി പെനാൽറ്റി ലഭിച്ചു. ഡയാഗോ ജോട്ടയെ പെനാൽറ്റി ബോക്സിൽ വീഴ്ത്തിയതിനാണ് പെനാൽറ്റി അനുവദിച്ചത്. കിക്കെടുക്കാൻ എത്തിയ നായകൻ ക്രിസ്റ്റ്യാനോ റൊണാൾഡോയ്ക്കു പിഴച്ചു.

പെനാൽറ്റി നഷ്ടപ്പെടുത്തിയതിന് പിന്നാലെ മൈതാനത്ത് റൊണാൾഡോ കണ്ണീരണിഞ്ഞു. സഹതാരങ്ങൾ റോണോയെ ആശ്വസിപ്പിക്കുകയും ചെയ്തു. രണ്ടാം പകുതിയിൽ ഗോളി മാത്രം മുന്നിൽ നിൽക്കേ സുവർണാവസരം സ്ട്രൈക്കർ ബെഞ്ചമിൻ സെസ്കോ നഷ്ടപ്പെടുത്തിയത് സ്ലൊവേനിയയ്ക്കും തിരിച്ചടിയായി. ക്വാർട്ടറിൽ റോണോയും സംഘവും ഫ്രാൻസിനെ നേരിടും.

## ട്രംപിന് ആശ്വാസം; പ്രോസിക്യൂഷൻ പരിരക്ഷയുണ്ടെന്ന് യുഎസ് സുപ്രീം കോടതി



**വാഷിങ്ടൻ :** യുഎസ് മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന് ഔദ്യോഗിക കാര്യങ്ങളുമായി ബന്ധപ്പെട്ട് പ്രോസിക്യൂഷൻ പരിരക്ഷയുണ്ടെന്ന് സുപ്രീം കോടതി വ്യക്തമാക്കി. ഇതാദ്യമാണ് ട്രംപിന് മുൻ പ്രസിഡന്റെന്ന നിലയിൽ ഏതെങ്കിലും തരത്തിലുള്ള പരിരക്ഷയുണ്ടെന്ന് കോടതി വ്യക്തമാക്കുന്നത്.

പ്രസിഡന്റ് എന്ന പദവിയിൽ അദ്ദേഹം ചെയ്ത കാര്യങ്ങളിൽ മാത്രമാണു നിയമപരിരക്ഷ. വ്യക്തിപരമായ പ്രവൃത്തികളിൽ ബാധകമല്ല. 2020 ലെ തിരഞ്ഞെടുപ്പു ഫലം അട്ടിമറിക്കാൻ ശ്രമിച്ചെന്ന കുറ്റാരോപണത്തിൽ തനിക്ക് പരിരക്ഷയുണ്ടെന്ന് അവകാശപ്പെട്ട ട്രംപിനെതിരെയുണ്ടായ കീഴ്ക്കോടതി വിധി തള്ളിയാണ് സുപ്രീം കോടതി ഉത്തരവ്.

# വുമൺ ലീഡേഴ്സ് ഇന്ത്യ ഫെല്ലോഷിപ്പ്: അപേക്ഷകൾ ക്ഷണിച്ചു

**മുംബൈ:** റിലയൻസ് ഫൗണ്ടേഷനും വൈറ്റൽ വോയ്സും ചേർന്ന് 202223 ൽ സാമൂഹിക പ്രവർത്തകരായ വനിതാ നേതാക്കളെ പരിപോഷിപ്പിക്കുന്നതിനായി സംഘടിപ്പിച്ച ആദ്യ വിമൻ ലീഡേഴ്സ് ഇന്ത്യ ഫെല്ലോഷിപ്പിന്റെ വിജയത്തെ തുടർന്ന്, റിലയൻസ് ഫൗണ്ടേഷനും വൈറ്റൽ വോയ്സും 202425 ഫെല്ലോഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിച്ചു.പ്രഗത്ഭരായ വനിതാ നേതാക്കൾക്ക് നേതൃത്വ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെ ഈ കാഴ്ചപ്പാട് ശക്തിപ്പെടുത്തുകയാണ് ഈഫെല്ലോഷിപ്പിലൂടെ ലക്ഷ്യമിടുന്നത്. അവരവരുടെ കമ്മ്യൂണിറ്റികൾക്കുള്ളിൽ പരിവർത്തനാത്മകമായ മാറ്റത്തിനായി ശ്രമിച്ച, ഇന്ത്യയിലുടനീളമുള്ള മികച്ച 50 വനിതാ നേതാക്കളെ ശാക്തീകരിക്കാൻ ഈ പ്രോഗ്രാം ലക്ഷ്യമിടുന്നു, കാലാവസ്ഥാ പ്രതിരോധം (ദുരന്തസാധ്യത കുറയ്ക്കൽ ഉൾപ്പെടെ), വികസനത്തിനായുള്ള സ്പോർട്സ് , വിദ്യാഭ്യാസം, താഴേത്തട്ടിലെ ഉപജീവന മാർഗങ്ങൾ എന്നിവയിൽ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് തിരഞ്ഞെടുപ്പ്. ഫെലോഷിപ്പ് 2024 സെപ്റ്റംബറിൽ ആരംഭിക്കുന്നു, ജൂലൈ 1 മുതൽ 28 വരെ അപേക്ഷിക്കാം. https://reliancefoundation.org/womenleadersindiafellowship എന്ന വെബ്സൈറ്റിലാണ് അപേക്ഷിക്കേണ്ടത്.

# അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്: മാർഗരേഖ പുറത്തിറക്കും

**തിരുവനന്തപുരം:** സംസ്ഥാനത്ത് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസിസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് പ്രത്യേക മാർഗരേഖ പുറത്തിറക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. അവബോധം ശക്തിപ്പെടുത്താൻ നിർദേശം നൽകി. മൂക്കിനേയും മസ്തിഷ്ക്കത്തേയും വേർതിരിക്കുന്ന നേർത്ത പാളിയിൽ അപൂർവമായുണ്ടാകുന്ന സുഷിരങ്ങൾ വഴിയോ കർണപടലത്തിലുണ്ടാകുന്ന സുഷിരം വഴിയോ ആണ് അമീബ തലച്ചോറിലേക്ക് കടക്കുകയും മെനിഞ്ചോ എൻസെഫലൈറ്റിസിസ് ഉണ്ടാക്കുകയും ചെയ്യുന്നത്. അതിനാൽ ചെവിയിൽ പഴുപ്പുള്ള കുട്ടികൾ കുളത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ല. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ ചികിത്സ തേടണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. ആരോഗ്യ വകുപ്പിന്റെ ഉന്നതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസിനെതിരെ ജാഗ്രത പാലിക്കണം. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം.

കെട്ടിക്കിടക്കുന്ന ഒഴുകുന്നതോ ആയ ജല സ്രോതസുകളുമായി ബന്ധമുള്ള ആൾക്കാരിൽ വളരെ അപൂർവമായി കാണുന്ന രോഗമാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. ഈ അപൂർവ രോഗത്തെപ്പറ്റി ശാസ്ത്രീയമായ പഠനങ്ങളും പഠന ഫലങ്ങളും വളരെ കുറവാണ്. ലോകത്ത് ഇത്തരം വെള്ളവുമായി സമ്പർക്കത്തിൽ വന്ന 10 ലക്ഷത്തോളം പേരിൽ 2.6 പേരിൽ മാത്രമാണ് ഈ രോഗം വരുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സാധാരണമായി നേഗ്ലെറിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽപ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗം ഉണ്ടാകുന്നത്. ഈ രോഗം മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ജീവിക്കുന്ന അമീബ മൂക്കിലെ നേർത്ത തൊലിയിലൂടെ മനുഷ്യശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുന്ന മസ്തിഷ്കജ്വരം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. ജലത്തിൽ സ്വതന്ത്രമായി ജീവിക്കുന്ന അമീബ ഒഴുക്കില്ലാത്ത ജലാശയങ്ങളിലാണ് പൊതുവേ കാണുന്നത്. നീർച്ചാലിലോ കുളത്തിലോ കുളിക്കുന്നത് വഴി അമീബ വിഭാഗത്തിൽപ്പെട്ട രോഗാണുക്കൾ മൂക്കിലെ നേർത്ത സുഷിരങ്ങൾ വഴി ബാധിക്കുന്നു. മനുഷ്യന്റെ ശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുകയും എൻസെഫലൈറ്റിസ് ഉണ്ടാക്കാനിടയാക്കുകയും ചെയ്യുന്നു.

രോഗാണുബാധ ഉണ്ടായി ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിലാണ് രോഗലക്ഷണങ്ങൾ ഉണ്ടാകുന്നത്. തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയവയാണ് പ്രാഥമിക ലക്ഷണങ്ങൾ. പിന്നീട് ഗുരുതരാവസ്ഥയിൽ എത്തുമ്പോൾ അപസ്മാരം, ബോധക്ഷയം, ഓർമക്കുറവ് തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാവുന്നു. നട്ടെല്ലിൽ നിന്നും സ്രവം കുത്തിയെടുത്ത് പരിശോധിക്കുന്നത് വഴിയാണ് രോഗനിർണയം നടത്തുന്നത്. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നവർ ഈ രോഗ ലക്ഷണങ്ങൾ കണ്ടാൽ ഇക്കാര്യം പറഞ്ഞ് ചികിത്സ തേടേണ്ടതാണ്.

കെട്ടിക്കിടക്കുന്നതോ വൃത്തിയില്ലാത്തതോ ആയ വെള്ളത്തിൽ കുളിക്കുക, മൂക്കിലൂടെ വെള്ളമൊഴിക്കുക തുടങ്ങിയവയിലൂടെയാണ് അമീബ ശരീരത്തിലെത്തുക. ആയതിനാൽ കെട്ടിക്കിടക്കുന്ന വെള്ളത്തിലോ നീർച്ചാലിലോ കുളിക്കാതിരിക്കുക, മൂക്കിലേക്ക് വെള്ളം ഒഴിക്കാതിരിക്കുക എന്നിവയിലൂടെ രോഗം വരാതെ നോക്കാം. രോഗലക്ഷണങ്ങൾ കണ്ടാൽ അവഗണിക്കാതെ എത്രയും പെട്ടെന്ന് ഡോക്ടറെ കാണിക്കുക. ശരിയായ രീതിയിൽ ക്ലോറിനേറ്റ് ചെയ്ത നീന്തൽ കുളങ്ങളിൽ കുട്ടികൾ കുളിക്കുന്നത് കൊണ്ട് പ്രശ്നമില്ല.



ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ നടന്ന ഡോക്ടേഴസ് ദിനാചരണവും മുതിർന്ന ഡോക്ടർമാരെ ആദരിക്കലും കലൂർ ഐഎംഎ ഹൗസിൽ ഡോ. മുരളി തുമ്മാരുകുടി ഉദ്ഘാടനം ചെയ്യുന്നു. ഡോ. മാരി സൈമൺ, വി പി കുര്യൈയ്പ്പ്, ഡോ.എം എം ഹനീഷ് , ഡോ.ഗ്രേസി തോമസ്, ഡോ.ടി എൽ പി പ്രഭു,ഡോ. ഇഡിക്കുള കെ മാത്യൂസ്, ഡോ. ജോർജ്ജ് തുകലൻ, ഡോ. ജേക്കബ് അബ്രാഹം, ഡോ.എസ് ശ്രീനിവാസ കമ്മത്ത്,ഡോ.സച്ചിൻ സുരേഷ് എന്നിവർ സമീപം

# ഐഎംഎ കൊച്ചി ഡോക്ടേഴ്സ് ദിനം ആചരിച്ചു

**കൊച്ചി:** ഡോക്ടർമാർക്കെതിരെ നടക്കുന്ന ആക്രമണങ്ങളും അധിക്ഷേപങ്ങളും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്ന് യു എൻ ജി20 ഗ്ലോബൽ ലാൻഡ് ഇനിഷ്യേറ്റീവ് കോർഡിനേഷൻ (യുഎൻസിസിഡി) ഡയറക്ടർ ഡോ. മുരളി തുമ്മാരുകുടി. ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ മുതിർന്ന ഡോക്ടർമാരെ ആദരിക്കലും ഡോക്ടേഴസ് ദിനാചരണവും കലൂർ ഐഎംഎ ഹൗസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാനവരാശിയെ കൊവിഡ് മഹാമാരിയിൽ നിന്നും മോചിപ്പിക്കാനായി നടത്തിയ പോരാട്ടത്തിൽ ലോകത്ത് എൺപതിനായിരം മുതൽ രണ്ടു ലക്ഷം വരെ ആരോഗ്യപ്രവർത്തകർക്കാണ് തങ്ങളുടെ ജീവൻ ഹോമിക്കേണ്ടിവന്നത്. ഇന്ത്യയിൽ1600 ലധികം പേർക്കും ജീവൻ നഷ്ടമായി. മാനവരാശിയുടെ ആരോഗ്യ സംരക്ഷണത്തിനായി അഹോരാത്രം പണിയെടുക്കുന്നവരാണ് ഡോക്ടർമാരടക്കമുള്ള ആരോഗ്യ പ്രവർത്തകർ . സോഷ്യ മീഡയകൾ ഉൾപ്പെടെ ഡോക്ടർക്കെതിരെ അനാവശ്യമായി നടത്തുന്ന പ്രചരണങ്ങൾ അവരുടെ ഭാവിയെ തന്നെയാണ് ഇല്ലാതാക്കുന്നതെന്ന് ഇതിന് ചുക്കാൻ പിടിക്കുന്നവർ മനസിലാക്കണം. ഇത്തരം നടപടികൾക്ക് പിന്നിൽ പ്രവർത്തിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും ഡോ.മുരളി തുമ്മാരുകുടി ആവശ്യപ്പെട്ടു. ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ.എം എം ഹനീഷ് അധ്യക്ഷത വഹിച്ചു. മുതിർന്ന ഡോക്ടർമാരായ ബെന്നി തോമസ്, ഇഡിക്കുള കെ മാത്യൂസ്, ടി എൽ പി പ്രഭു, ഗ്രേസി തോമസ് എന്നിവരെയും എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ ഡോക്ടർമാരുടെ കുട്ടികളെയും ചടങ്ങിൽ ആദരിച്ചു. ഐഎംഎ കൊച്ചി മുൻ പ്രസിഡന്റ് ഡോ.എസ് ശ്രീനിവാസ കമ്മത്ത്, ഐഎംഎ കൊച്ചി പ്രസിഡന്റ് ഇലക്ട് ഡോ. ജേക്കബ് അബ്രാഹം, ഐഎംഎ ഹൗസ് ചെയർമാൻ ഡോ. വി പി കുര്യൈയ്പ്പ്, വുമൺ ഐഎംഎ ചെയർ പേഴ്സൺ ഡോ. മാരി സൈമൺ, ഐഎംഎ കൊച്ചി സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ്, മുൻ സെക്രട്ടറി ഡോ. അനിത തിലക്, ഡോ. പി രാമകൃഷ്ണൻ, ഡോ.കെ ജി എസ് രാജു,ഡോ.അമ്മു ഭാസ്ക്കർ,ഡോ.രമണി ഫിലിപ്പ് തുടങ്ങിയവർ സംസാരിച്ചു.




# നൂതനമായ ആശയങ്ങൾ കൊണ്ടുള്ള പ്രശ്നപരിഹാരമാണ് നാളെയുടെ സാങ്കേതിക വിദ്യ : എപിഎം മുഹമ്മദ് ഹനീഷ്

**കൊച്ചി:** സമൂഹവും സ്ഥാപനങ്ങളും നേരിടുന്ന പ്രശ്നങ്ങൾക്ക് നൂതനമായ ആശയങ്ങൾ കൊണ്ട് നേടുന്ന പരിഹാരമാണ് നാളെയുടെ സാങ്കേതികവിദ്യയെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. ഈ മാസം 11, 12 തിയതികളിൽ കൊച്ചിയിൽ നടക്കുന്ന ഇൻർനാഷണൽ ജെനറേറ്റീവ് എഐ കോൺക്ലേവിനോടനുബന്ധിച്ച് കെഎസ്ഐഡിസി, കുസാറ്റ് എന്നിവയുടെ സഹകരണത്തോടെ ഐബിഎം സംഘടിപ്പിച്ച വാട്സൺഎക്സ് ഹാക്കത്തോണിലെ രണ്ടാം റൗണ്ടിലെത്തിയ വിദ്യാർത്ഥികളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇൻഫോപാർക്കിലെ ഐബിഎമ്മിൻറെ ഓഫീസിലെ വാട്സൺ ലാബിലാണ് ഹാക്കത്തോൺ നടക്കുന്നത്. വിവിധ സെഷനുകളിലായി ഐബിഎമ്മിലെ വിദഗ്ധർ കുട്ടികൾക്ക് വിദഗ്ധോപദേശവും ക്ലാസുകളും നയിച്ചു.

ആഴത്തിലുള്ള ചിന്തകളാണ് ജെൻ എഐ ഉച്ചകോടിയി നടക്കാൻ പോകുന്നത്. നാളെയുടെ സാങ്കേതികവിദ്യയാണ് ജെൻ എഐ. ന്യൂ ഡാറ്റ എന്നതാണ് ഇപ്പോഴത്തെ ട്രെൻറ്. സമൂഹം നേരിടുന്ന പ്രതിസന്ധികളെ ജെൻ എഐ കൊണ്ട് എങ്ങിനെ നേരിടാമെന്ന് പുതുതലമുറയാണ് ചിന്തിക്കേണ്ടത്.

ഹാക്കത്തോണി വിജയികളും പരാജിതരുമുണ്ടാകും. പക്ഷെ ഇവിടെ നിന്നു ലഭിക്കുന്ന അനുഭവങ്ങൾ വിലമതിക്കാനാവാത്തതാണെന്നും മുഹമ്മദ് ഹനീഷ് പറഞ്ഞു. പഠന കാലത്ത് തന്നെ ഐബിഎമ്മിൻറെ ലോകോത്തര ലാബ് സംവിധാനം ഉപയോഗിക്കാൻ കഴിയുന്നത് തന്നെ വലിയ കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെഎസ്ഐഡിസി ജനറൽ മാനേജർ വർഗീസ് മാളാക്കാരൻ, ഐബിഎം പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. എൻജിനീയറിംഗ് കോളേജുകളി നിന്നുള്ള 70 ടീമുകളടങ്ങിയ പ്രാഥമിക റൗണ്ടിൽ നിന്ന് തെരഞ്ഞെടുത്ത പത്ത് ടീമുകളാണ് ഹാക്കത്തോൺ രണ്ടാം റൗണ്ടിൽ പങ്കെടുക്കുന്നത്. https://www.ibm.com/inen/events/gena-iconclave എന്ന വെബ്സൈറ്റിലൂടെ ജെൻ എഐ കോൺക്ലേവിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്യാം.

# ഏഴ് മിനി എൽഇഡി സീരീസ് അവതരിപ്പിച്ച് സോണി ഇന്ത്യ ബ്രാവിയ

**കൊച്ചി:** സോണി ഇന്ത്യ പുതിയ ബ്രാവിയ 7 മിനി എൽഇഡി സീരീസിന്റെ അവതരണം പ്രഖ്യാപിച്ചു. സിനിമാറ്റിക് ഉള്ളടക്കങ്ങൾ യാഥാർത്ഥ്യ മികവോടെ തന്നെ വീട്ടിലിരുന്ന് ആസ്വദിക്കാൻ ഈ സീരീസ് സഹായിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. നെക്സ്റ്റ് ജെൻ കോഗ്നിറ്റീവ് പ്രോസസർ എക്സ്ആർ, മിനി എൽഇഡി, എക്സ്ആർ ട്രൈലുമിനോസ് പ്രോ ടെക്നോളജി എന്നിവ സംയോജിപ്പിച്ച് മികച്ച ചിത്രവും ശബ്ദ നിലവാരവും ബ്രാവിയ 7 മിനി എൽഇഡി സീരീസ് നൽകുന്നു. ഗൂഗിള് ടിവി ഇന്റഗ്രേഷൻ, സോണി പിക്ചേഴ്സ് കോർ, ബ്രാവിയ കാം, സ്റ്റുഡിയോ കാലിബ്രേറ്റഡ് മോഡുകൾ തുടങ്ങിയ സ്മാർട്ട് ഫീച്ചറുകളും പുതിയ സീരിസിൽ ഉൾപ്പെടുന്നു. ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ്, അക്കോസ്റ്റിക് മൾട്ടി ഓഡിയോ സംവിധാനങ്ങളെ പിന്തുണയ്ക്കുന്ന ബ്രാവിയ 7 സീരീസിൽ എക്സ്ആർ ബാക്ക്ലൈറ്റ് മാസ്റ്റർ ഡ്രൈവ് ഫീച്ചറുമുണ്ട്. 140 സെ.മീ (55 ഇഞ്ച്) 165 സെ.മീ (65),



189 സെ.മീ (75) സ്ക്രീൻ വലുപ്പങ്ങളിൽ പുതിയ ബ്രാവിയ 7 സീരീസ് ലഭ്യമാണ്.കെ55എക്സ്ആർ 70 മോഡലിന് 1,82,990 രൂപയും, കെ65എക്സ്ആർ 70 മോഡലിന് 2,29,990 രൂപയുമാണ് വില. ഇരുമോഡലുകളും 2024 ജൂലൈ ഒന്ന് മുതൽ ഇന്ത്യയിലെ എല്ലാ സോണി സെന്ററുകളിലും പ്രധാന ഇലക്ട്രോണിക് സ്റ്റോറുകളിലും ഇകൊമേഴ്സ് പോർട്ടലുകളിലും വില്പനക്ക് ലഭ്യമാവും. കെ75എക്സ്ആർ70 മോഡലിന്റെ വിൽപനയും, വില്പന തീയതിയും പിന്നീട് പ്രഖ്യാപിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# മമത മെഷിനറി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** പ്ലാസ്റ്റിക് ബാഗ്, പൗച്ച് നിർമാണ യന്ത്രങ്ങളുടെയും പാക്കിങ് യന്ത്രങ്ങളുടെയും നിർമാതാക്കളും കയറ്റുമതിക്കാരുമായ, ഗുജറാത്തിലെ സാനന്ദ് ആസ്ഥാനമായുള്ള മമത മെഷിനറി ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പ്രമോട്ടർമാരുടെ 7,382,340 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബീലൈൻ ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# ചെറുകിട സംരംഭങ്ങൾക്ക് ഡിജിറ്റൽ വായ്പ നൽകാൻ എസ്ബിഐ

കൊച്ചി: ചെറുകിട സംരംഭങ്ങൾക്കായി (എംഎസ്എംഇ) വെബ് അധിഷ്ഠിത ഡിജിറ്റൽ ബിസിനസ് വായ്പയായ എംഎസ്എംഇ സഹജ് അവതരിപ്പിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തി 15 മിനിറ്റുകൾ മാത്രമെടുത്ത് ഇൻവോയ്സ് ഫിനാൻസിംഗ് ലഭ്യമാക്കുന്നതാണ് ഇതിൻറെ രീതി.വായ്പ അപേക്ഷ, ഡോക്യുമെന്റേഷൻ, വായ്പ അനുവദിക്കൽ, വിതരണം തുടങ്ങിയവയെല്ലാം മനുഷ്യ ഇടപെടൽ ഇല്ലാതെയാണ് നടത്തുക. വായ്പ അവസാനിപ്പിക്കുന്നതും ഡിജിറ്റൽ രീതിയിൽ തന്നെ. ജിഎസ്ടി ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പയായി ലഭിക്കും.ജിഎസ്ടിഐഎൻ, ഉപഭോക്താവിന്റെ ബാങ്ക് സ്റ്റേറ്റ്മെൻറ്, സിഐസി ഡാറ്റാബേസ് തുടങ്ങിയവ വിലയിരുത്തിയാണ് വായ്പ നൽകുന്നത്. നിലവിലുള്ള എസ്ബിഐ ഉപഭോക്താക്കൾക്ക് യോനോ ആപ്പ് വഴിയും ഈ സേവനം ലഭിക്കും. ചെറുകിട സംരംഭങ്ങൾക്ക് വേഗത്തിൽ സുഗമമായി വായ്പ നൽകാനാണ് എംഎസ്എംഇ സഹജ് വഴി ലക്ഷ്യമിടുന്നതെന്ന് എസ്ബിഐ ചെയർമാൻ ദിനേശ് ഖാര പറഞ്ഞു.

# കേരള ബ്ലാസ്റ്റേഴ്സിന്റെ മെയിൻ സ്പോൺസറായി ഫ്രീമാൻസ് മെഷറിംഗ് ടൂൾസ്

**കൊച്ചി:** ഫ്രീമാൻസ് മെഷറിംഗ് ടൂൾസ്, ഹാൻഡ് ടൂൾസ്, പവർ ടൂൾസ് കേരള ബ്ലാസ്റ്റേഴ്സുമായി അഞ്ച് വർഷത്തെ സ്പോൺസർഷിപ്പ് കരാർ ഒപ്പുവെച്ചു. പഞ്ചവർഷ കരാറിലൂടെ കേരള ബ്ലാസ്റ്റേഴ്സ് ഒഫീഷ്യൽ ജേഴ്സിയിൽ ഫ്രീമാൻസ് ലോഗോ പ്രാധാന്യത്തോടെ പ്രദർശിപ്പിക്കും. 1950ൽ ആരംഭിച്ചതു മുതൽ ഫ്രീമാൻസ് ടൂൾസിന്റെ പ്രധാന വിപണികളിലൊന്നാണ് കേരളം.'ഇന്ത്യയുടെ പ്രീമിയർ ഫുട്ബോൾ ക്ലബ്ബായ കേരള ബ്ലാസ്റ്റേഴ്സുമായി അഞ്ച് വർഷത്തെ സ്പോൺസർഷിപ്പ് കരാർ പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്' എന്ന് എഫ്എംഐ ലിമിറ്റഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ സാഹിൽ നായർ പറഞ്ഞു.ഫ്രീമാൻസിന്റെ 1500ൽ അധികം ജീവനക്കാരും മഞ്ഞപ്പടയോടൊപ്പം ചേരുകയാണെന്നും അടുത്ത അഞ്ച് വർഷവും അതിനപ്പുറത്തേക്കും തങ്ങളൊന്നിച്ച് മുമ്പോട്ടേക്ക് പോകുമെന്നും സാഹിൽ നായർ പറഞ്ഞു.ഫ്രീമാൻസിനെ സ്വാഗതം ചെയ്യുന്നതിൽ സന്തോഷമുണ്ടെന്ന് കേരള ബ്ലാസ്റ്റേഴ്സ് മാനേജ്മെന്റ് അറിയിച്ചു. ഫ്രീമാൻസുമായുള്ള പങ്കാളിത്തത്തിലൂടെ മികവും മൂല്യവുമാണ് പരസ്പരം കൈമാറുന്നതെന്നും കേരള ബ്ലാസ്റ്റേഴ്സ് മാനേജ്മെന്റ് പറഞ്ഞു. കളിക്കളത്തിലും പുറത്തും സ്വാധീനം ചെലുത്തുന്ന അർഥവത്തായ പങ്കാളിത്തമായിരിക്കും കേരള ബ്ലാസ്റ്റേഴ്സും ഫ്രീമാൻസും തമ്മിലെന്നും വ്യക്തമാക്കി.

MAIN SPONSOR
KERALA BLASTERS | FREEMANS

# ഹോണ്ട ഇന്ത്യ 2024 ജൂൺ മാസം 5,18,799 യൂണിറ്റുകൾ വിറ്റു

**കൊച്ചി:** വിൽപനയിൽ ഇരട്ട അക്ക വളർച്ച തുടർന്ന് ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ). 2024 ജൂണിൽ 5,18,799 യൂണിറ്റ് ഇരുചക്ര വാഹനങ്ങളാണ് കമ്പനി വിറ്റഴിച്ചത്. 60 ശതമാനമാണ് വാർഷിക വളർച്ച. ആകെ വിൽപനയിൽ 4,82,597 യൂണിറ്റുകൾ ആഭ്യന്തര വിപണിയിലാണ് വിറ്റഴിച്ചത്. 36,202 യൂണിറ്റുകൾ കയറ്റുമതി ചെയ്തു. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് കയറ്റുമതി 70 ശതമാനം വർധിച്ചപ്പോൾ, ആഭ്യന്തര വിൽപനയിൽ 59 ശതമാനം വളർച്ച രേഖപ്പെടുത്തി.

ജൂൺ മാസം കമ്പനി മേഘാലയയിൽ അതിന്റെ ആദ്യ സെയിൽസ് ആൻഡ് സർവീസ് ഔട്ട്ലെറ്റ് തുറന്നിരുന്നു. മലപ്പുറം ഉൾപ്പെടെ രാജ്യത്തെ 9 നഗരങ്ങളിൽ റോഡ് സുരക്ഷ ബോധവൽക്കരണ ക്യാമ്പയിനുകളും ഹോണ്ട കഴിഞ്ഞ മാസം സംഘടിപ്പിച്ചു. ഒരു ലക്ഷം തൈകൾ നട്ടായിരുന്നു ലോക പരിസ്ഥിതി ദിനാചരണം.

ഇതിന് പുറമേ 2024 എഫ്ഐഎം ഏഷ്യ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിലും, ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പിലും ഹോണ്ട റേസിങ് ഇന്ത്യ ടീം റൈഡർമാരുടെ മികച്ച പ്രകടനത്തിനും ജൂൺ സാക്ഷ്യം വഹിച്ചു.

HONDA



# ക്രിപ്‌റ്റോ കറൻസി കേസ്: ആശ്വാസമായി ഹൈക്കോടതിയുടെ ഇടക്കാല വിധി

**കൊച്ചി:** ക്രിപ്‌റ്റോ കറൻസി ഇടപാടു കേസിൽ പരാതിക്കാരന് അനുകൂലമായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ച് കേരള ഹൈക്കോടതി. എറണാകുളം മരട് സ്വദേശിക്ക് വേണ്ടി സേവക് ഗ്ലോബൽ എന്ന ലീഗൽ കമ്പനി സമർപ്പിച്ച ഹർജിയിലാണ് കേരള ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്. ഹർജിക്കാരന്റെ അക്കൗണ്ട് മുഴുവനായി മരവിപ്പിക്കാതെ മേൽപ്പറഞ്ഞിരിക്കുന്ന ഇടപാട് മാത്രം മരവിപ്പിക്കുന്ന നടപടി സ്വീകരിക്കാനാണ് കോടതി ഇടക്കാല ഉത്തരവിലൂടെ നിർദ്ദേശം നൽകിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പരാതിക്കാരൻ നൽകിയിരിക്കുന്ന ഹർജിയിലെ എതിർ കക്ഷികൾക്ക് നോട്ടീസ് അയയ്ക്കാനും കോടതി നിർദ്ദേശിച്ചു. മരവിപ്പിക്കപ്പെട്ട അക്കൗണ്ടുകളിൽ ട്രാൻസാക്ഷനുകളെ അടിസ്ഥാനമാക്കി നൽകിയ ഹർജിയിലാണ് സേവക് ഗ്ലോബൽ അനുകൂല വിധി നേടിയിരിക്കുന്നത്. ഇന്ത്യയൊട്ടാകെ നടക്കുന്ന ക്രിപ്‌റ്റോ കറൻസി മൂലമുള്ള നിയമ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉള്ള ആദ്യ പടിയായി വേണം ഈ കേരള ഹൈക്കോടതി വിധിയെ അനുമാനിക്കാനെന്ന് സേവക് ഗ്ലോബൽ കമ്പനി മേധാവി അർജ്ജുൻ രവീന്ദ്രൻ പറഞ്ഞു. കേസിൽ അന്തിമ വിധി ഈ മാസം ഒമ്പതിന് കോടതി പുറപ്പെടുവിക്കും.

# ആമസോൺ സൂപ്പർ വാല്യൂ ഡേയ്സ്

**കൊച്ചി:** ആമസോൺ ഫ്രഷിൽ മികച്ച ഓഫറുകളുമായി സൂപ്പർ വാല്യൂ ഡേയ്സ് ആരംഭിച്ചു. ജൂലൈ 7 വരെ ഗ്രോസറി, നിത്യോപയോഗ സാധനങ്ങൾ, പാക്കേജ്ഡ് ഫുഡ്, സ്നാക്ക്, ബീവറേജസ്, സ്റ്റേപ്പിൾസ് എന്നിവയ്ക്ക് 45% വരെ ഇളവ് ലഭ്യമാകും. പഴം, പച്ചക്കറികൾ എന്നിവ വാങ്ങുമ്പോൾ പുതിയ ഉപഭോക്താക്കൾക്ക് ആദ്യത്തെ നാല് ഓർഡറുകൾക്ക് 400 രൂപ ക്യാഷ്ബാക്ക്, പ്രൈം റിപ്പീറ്റ് ഉപഭോക്താക്കൾക്ക് 200 രൂപ വരെ ക്യാഷ്ബാക്ക് എന്നിവയുണ്ട്. ഐസിഐസിഐ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളിൽ 10% വരെ ഇൻസ്റ്റന്റ് ഡിസ്ക്കൗണ്ട് ലഭിക്കും. മറ്റ് മുൻനിര ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളിലും ജൂലൈ 4 വരെ ഓഫറുകളുണ്ട്. അതിനൊപ്പം, പ്രത്യേകമായി തയ്യാറാക്കിയ ചോക്ലേറ്റ് ഡേ സ്റ്റോറും ആമസോൺ ഫ്രഷിൽ ഒരുക്കിയിട്ടുണ്ട്.

# ആദ്യ പാദ നിക്ഷേപകർക്ക് 2025 സങ്കീർണ്ണമായേക്കാമെന്ന് മനീഷ് ഗുൻവാനി



**കൊച്ചി:** 2025 സാമ്പത്തിക വർഷം ആദ്യ പാദ നിക്ഷേപകരെ സംബന്ധിച്ചിടത്തോളം സങ്കീർണ്ണമായേക്കാമെന്ന് ബന്ധൻ എഎംസി ഇക്വിറ്റീസ് വിഭാഗം മേധാവി മനീഷ് ഗുൻവാനി ചൂണ്ടിക്കാട്ടുന്നു.മുൻ സാമ്പത്തിക വർഷത്തിലെ വിവിധ മേഖലകളുടെ പ്രകടനത്തിന്റെ പ്രതിഫലനമായിരിക്കുമിത്. നഗര വിപണികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആഭ്യന്തര ബി ടു സി കമ്പനികൾ കരുത്ത് കാണിക്കുന്നുണ്ടെങ്കിലും മൊത്തത്തിലുള്ള ഉപഭോഗത്തിൽ അസമത്വം ഉണ്ടായിരുന്നുവെന്ന് മനീഷ് ഗുൻവാനി ചൂണ്ടിക്കാട്ടുന്നു.ആഭ്യന്തര ബി ടു ബി മേഖലകൾ കരുത്തുറ്റ പ്രകടനം നടത്തിയിട്ടുണ്ട്.

ഫാർമസ്യൂട്ടിക്കൽസ് പോലുള്ള പ്രത്യേക മേഖലകളിലും ഇതിന്റെ തുടർച്ച 2025 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാം. ഉപഭോഗം വീണ്ടെടുക്കാനുള്ള സാധ്യതയുണ്ടെങ്കിലും, അത് മൂലധന ചെലവുകളുടേയും അടിസ്ഥാന സൗകര്യ വളർച്ചയുടെയും വേഗതയുമായി പൊരുത്തപ്പെടുന്നില്ല. ഊർജ്ജ രംഗത്തെ അമിതശേഷി, വിതരണ ക്ഷാമം തുടങ്ങിയ വെല്ലുവിളികളും ഗുൻവാനി ചൂണ്ടിക്കാട്ടുന്നു.ഭാവിയിൽ പ്രതീക്ഷിക്കപ്പെടുന്ന ക്രൂഡ് ഓയിൽ വില സ്ഥിരതയും, സ്ഥിരതയുള്ള വിദേശ വിനിമയ നിരക്കും ഉൾപ്പെടെ, ബിസിനസ് മാർജിനുകളെ സ്വാധീനിക്കുന്ന സുസ്ഥിര ഘടകങ്ങളുണ്ടെന്നും ഗുൻവാനി എടുത്തു പറയുന്നു. ചില മേഖലകളിൽ വർധിച്ചുവരുന്ന ചെലവുകൾ കാരണം മാർജിൻ സമ്മർദ്ദം അനുഭവപ്പെടുമെങ്കിലും, ടെലികോം പോലുള്ളവ താരിഫ് ക്രമീകരണത്തിൽ നിന്ന് പ്രയോജനം നേടിയേക്കാം. മൊത്തത്തിൽ, സന്തുലിത സാമ്പത്തിക വളർച്ച നിലനിർത്തുന്നതിനുള്ള തന്ത്രപരമായ നിക്ഷേപങ്ങളിലും നയപരമായ തീരുമാനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ജാഗ്രതയോടെ ശുഭാപ്തിവിശ്വാസത്തിലാണ് വിപണി.




# റെസിഡൻസ് അസോസിയേഷനുകൾക്ക് സ്റ്റാറ്റിയൂട്ടറി പദവി നൽകും:മന്ത്രി കെ രാജൻ

**തൃശൂർ:** കേരളത്തിലെ സാധാരണ ജനങ്ങളുടെ കുടുംബകൂട്ടായ്മകളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന റെസിഡൻസ് അസോസിയേഷനുകൾക്ക് സ്റ്റാറ്റിയൂട്ടറി പദവി നൽകുന്ന കാര്യം മുഖ്യമന്ത്രിയുമായി ആലോചിച്ച് ഉടൻ തീരുമാനമെടുക്കുമെന്ന് സംസ്ഥാന റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി അഡ്വ കെ രാജൻ. റെസിഡൻസ് അപ്പെക്സ് കൗൺസിൽ ഓഫ് കേരള (റാക്ക്) അഞ്ചാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയതു സംസാരിക്കുകയായിരുന്നു മന്ത്രി.ജനമൈത്രി പൊലീസിൽ ഉണ്ടായിട്ടുള്ള അനിശ്ചിതത്വം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കും. പെൻഷൻ വിതരണം കൃത്യമാക്കുന്നതും, റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന പ്രവർത്തന പദ്ധതി പുനരാരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.സംസ്ഥാന പ്രസിഡന്റ് ഹാഷിം പറക്കാടന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി ബാലചന്ദ്രൻ എം എൽ എ, സജീവ് കുമാർ എം എൽ എ, എം എൻ റോസി (ഡെപ്യൂട്ടി മേയർ, തൃശൂർ നഗരസഭ), മുൻ എം എൽ എ ടി പി ചന്ദ്രമോഹൻ, സംസ്ഥാന ജനറൽ സെക്രട്ടറി ജോബ് അഞ്ചേരിൽ, ഭാരവാഹികളായ ഡി ഗോപാലകൃഷ്ണൻ, കെ എം ഹുസൈൻ, പി ആർ ആർ എസ് അയ്യർ, ഗഫൂർ ടി മുഹമ്മദ്, ഗീതാഭായി, ഐഷ ഹബീബ്, അബ്ദുൽ നാസർ, ജെയ്മോൻ ജോസഫ്, എം സി ജോസഫ്, രാജു വട്ടത്താനം എന്നിവർ പ്രസംഗിച്ചു.സംസ്ഥാന ഭാരവാഹികളായി ഹാഷിം പറക്കാടൻ (പ്രസിഡന്റ്), ജോബ് അഞ്ചേരിൽ (ജനറൽ സെക്രട്ടറി), കെ എം ഹുസൈൻ (ട്രഷറർ), ഡി ഗോപാലകൃഷ്ണൻ, പി ആർ ആർ എസ് അയ്യർ, എം സി ജോസഫ് (വൈസ് പ്രസിഡന്റുമാർ), കെ കെ അബ്ദുൽ നാസർ, ഗഫൂർ ടി മുഹമ്മദ്, രാജു വട്ടത്താനം (സെക്രട്ടറിമാർ) എന്നിവരെയും, വനിതാ വിഭാഗം സംസ്ഥാന ഭാരവാഹികളായി ഗീതാഭായി (പ്രസിഡന്റ്), ആഷ അഷ്റഫ് (ജനറൽ സെക്രട്ടറി), പ്രസന്നകുമാരി സി എസ് (ട്രഷറർ) അൻസാ ജെയിംസ്, ഐഷ ഹബീബ്, ഡയാന രാജു, എ എൻ മംഗളം (വൈസ് പ്രസിഡന്റുമാർ), ലിസി തോമസ്, ആനന്ദം നാരായണൻ, ജെസ്സി ജോയി, രജി സുധി (സെക്രട്ടറിമാർ), ദേവി ഗോപിനാഥ്, ആബിദ റാഫി, ബിന്ദു ലെവിൻ, രാജി സുമേഷ്, മേരി ജോസഫ് (സ്റ്റേറ്റ് കോഓർഡിനേറ്റർമാർ) എന്നിവരെയും ഐക്യകണ്ഠേന തിരഞ്ഞെടുത്തു.

# ആഗോള ഇന്ത്യ എഐ ഉച്ചകോടി

**ന്യൂഡൽഹി :** ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയം 2024 ജൂലൈ 3, 4 തീയതികളിൽ ന്യൂഡൽഹിയിൽ 'ആഗോള ഇന്ത്യ എഐ ഉച്ചകോടി' സംഘടിപ്പിക്കുന്നു. എ ഐ സാങ്കേതികവിദ്യകളുടെ ധാർമികവും സമഗ്രവുമായ വളർച്ചയ്ക്കുള്ള ഇന്ത്യയുടെ പ്രതിബദ്ധതക്ക് ഊന്നൽ നൽകി, സഹകരണവും വിജ്ഞാന വിനിമയവും പ്രോത്സാഹിപ്പിക്കാനാണ് ഉച്ചകോടി ലക്ഷ്യമിടുന്നത്.ശാസ്ത്രം, വ്യവസായം, പൗരസമൂഹം, ഗവൺമെന്റുകൾ, അന്താരാഷ്ട്ര സംഘടനകൾ, അക്കാദമികൾ എന്നിവയിൽ നിന്നുള്ള പ്രമുഖ അന്തർദേശീയ എഐ വിദഗ്ധർക്ക് ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളെയും വെല്ലുവിളികളെയും കുറിച്ചുള്ള ഉൾക്കാഴ്ചകൾ പങ്കിടുന്നതിന് ഉച്ചകോടി ഒരു വേദി നൽകും. ആഗോള എഐ പങ്കാളികൾക്കിടയിൽ സഹകരണവും വിജ്ഞാന വിനിമയവും പ്രോത്സാഹിപ്പിക്കുന്നതിനും, എഐ യുടെ പുരോഗതിക്കും വേണ്ടിയുള്ള ഇന്ത്യൻ ഗവണ്മെന്റിന്റെ പ്രതിബദ്ധതക്ക് പരിപാടി അടിവരയിടുന്നു.ഈ ഉച്ചകോടിയിലൂടെ എഐ നവീകരണത്തിൽ ഒരു ആഗോള നേതാവായി സ്വയം സ്ഥാപിക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നു. കൂടാതെ, എഐ ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതും, രാജ്യത്തിന്റെ സാമൂഹികസാമ്പത്തിക വികസനത്തിന് സംഭാവന നൽകുന്നതും ഇന്ത്യ ഉറപ്പാക്കുന്നു.

ഗ്ലോബൽ പാർട്ണർഷിപ്പ് ഓൺ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (ജിപിഎഐ) മുഖ്യ അധ്യക്ഷ പദവി വഹിക്കുന്ന രാജ്യം എന്ന നിലയിൽ, സുരക്ഷിതവും വിശ്വസനീയവുമായ എഐ എന്നതിലേക്കുള്ള ജിപിഎഐയുടെ പ്രതിബദ്ധത മുന്നോട്ട് കൊണ്ടുപോകാൻ അംഗരാജ്യങ്ങൾക്കും വിദഗ്ധർക്കും ഇന്ത്യ ആതിഥ്യമേകും.

# കോഴിക്കോട് എൻ ഐ ടി യിൽ താൽക്കാലിക അധ്യാപക ഒഴിവുകൾ

**കോഴിക്കോട് :** കോഴിക്കോട് എൻ ഐ ടി വിവിധ വകുപ്പുകളിലേക്കായി താൽക്കാലിക അധ്യാപകരെ നിയമിക്കുന്നു. സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിങ് തുടങ്ങിയ എഞ്ചിനീയറിങ് വകുപ്പുകളിലേക്കാണ് താൽക്കാലിക അധ്യാപകരെ നിയമിക്കുന്നത്. കൂടാതെ എഡ്യൂക്കേഷൻ വകുപ്പിന് കീഴിൽ വിദ്യാഭ്യാസം, എക്കണോമിക്സ്, ബോട്ടണി അധ്യാപകരെയും സെന്റർ ഫോർ ഇന്നോവേഷൻ, എന്റർപ്രെണർഷിപ് ആൻഡ് ഇൻക്യൂബേഷൻ വകുപ്പിന് കീഴിൽ സംരംഭകത്വം, മാനേജ്മന്റ് ,വിദ്യാഭ്യാസം മറ്റ് അനുബന്ധ മേഖലകൾ എന്നിവയിലും താത്കാലിക അടിസ്ഥാനത്തിൽ അധ്യാപകരെ ആവശ്യമുണ്ട്.ജൂലായിൽ ആരംഭിക്കുന്ന ഒരു സെമസ്റ്റർ കാലയളവിലേക്കായിരിക്കും നിയമനം. പിഎച്ച്ഡി ബിരുദധാരികൾക്ക് പ്രതിമാസം 70,000 രൂപയും ഗവേഷണ പ്രബന്ധം സമർപ്പിച്ച് കാത്തിരിക്കുന്നവർക്ക് പ്രതിമാസം 58,000 രൂപയുമാണ് ഏകീകൃത പ്രതിഫലം. യോഗ്യത, അപേക്ഷാ ഫോറം, പൊതുവായ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റ് ംം ം.ിശശേരമഹശര.മര.ശി സന്ദർശിക്കുക. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 08/07/2024, തിങ്കളാഴ്ചയാണ്.



**ഡോ. ലിഷ പി ബാലൻ**
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
പ്രയത്ന, കൊച്ചി

# ഡോക്ടർമാർ നേരിടുന്നത് വലിയ മാനസിക വെല്ലുവിളികൾ

മാനസികമായും വൈകാരികമായും ഒരുപാട് വെല്ലുവിളികൾ നിറഞ്ഞ തൊഴിലാണ് ഡോക്ടർമാരുടേത്. ആഗോളതലത്തിൽ മൂന്ന് ഡോക്ടർമാരിൽ ഒരാൾ അമിതമായ മാനസിക സമ്മർദ്ദം അനുഭവിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ പറയുന്നത്. മെഡിക്കൽ വിദ്യാർത്ഥികൾക്കിടയിൽ നാലിൽ മൂന്ന് പേർ ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതായും മറ്റ് ചില പഠനങ്ങൾ വ്യക്തമാക്കുന്നു. ഡോക്ടർമാരെ ദൈവികമായ പരിവേഷത്തോടെ കാണുന്ന അനേകമാളുകൾ നമുക്കിടയിലുണ്ട്. അത്തരത്തിൽ കേരളീയ സമൂഹം അവർക്ക് നൽകുന്ന ബഹുമാനം പ്രശംസനീയമാണ്. എന്നാൽ പലപ്പോഴും ഡോക്ടർമാരും സാധാരണ മനുഷ്യരാണെന്നും അവരുടെ മാനസികരോഗ്യത്തെ കുറിച്ചും അധികമാരും ചിന്തിക്കാറില്ല.

മണിക്കൂറുകളോളം വിശ്രമമില്ലാതെ ജോലി ചെയ്യാൻ നിർബന്ധിതരാകുന്നവരാണ് നമ്മുടെ നാട്ടിലെ ഡോക്ടർമാർ. ഏതൊരു സാധാരണ മനുഷ്യനും അനുഭവപ്പെടുന്ന വികാരങ്ങളും സമ്മർദ്ദങ്ങളും ഡോക്ടർമാർക്കും ഉണ്ടാകുന്നുന്നുണ്ട്. സമൂഹം അവരിൽ നിന്നും പ്രതീക്ഷിക്കുന്ന 'പെർഫെക്ഷനിസം' കാരണം അതൊന്നും പുറത്തറിയുന്നില്ലെന്ന് മാത്രം. ഡോക്ടർമാരുടെ ചെറിയ തെറ്റുകൾ പോലും മനുഷ്യജീവന്റെ കാര്യത്തിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നതിൽ സംശയമില്ല. എന്നാൽ ഡോക്ടർമാരുടെ മാനസികസൗഖ്യത്തിന് ഒട്ടും പരിഗണന നൽകിയില്ലെങ്കിൽ അവർക്കും സ്വാഭാവികമായ ക്ഷീണവും മടുപ്പും അശ്രദ്ധയും ഉണ്ടാകും. തെറ്റുകൾ ആവർത്തിക്കപ്പെടും.

പലപ്പോഴും വളരെ നിർണായകമായ ഘട്ടങ്ങളിൽ വളരെ പെട്ടെന്ന് സുപ്രധാനമായ തീരുമാനങ്ങൾ എടുക്കേണ്ടിവരുന്നവരാണ് ഡോക്ടർമാർ. രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും അമിതപ്രതീക്ഷകൾക്കൊത്ത് ഉയരാനുള്ള സമ്മർദ്ദം വേറെ. രോഗം ഭേദമാക്കികൊടുക്കുന്നതിന് പുറമെ, രോഗികളുടെ വൈകാരികമായ ബുദ്ധിമുട്ടുകളെയും കൂടി ഏറ്റെടുക്കുന്ന ഡോക്ടർമാരുമുണ്ട്. ഇതെല്ലാം ഭാരിച്ച ഉത്തരവാദിത്വങ്ങളും മാനസികബുദ്ധിമുട്ടുമാണ് ഡോക്ടർമാരിലുണ്ടാക്കുന്നത്. എത്ര ആത്മാർഥമായി പരിശ്രമിച്ചിട്ടും ഒരു രോഗിയുടെ ജീവൻ രക്ഷിക്കാനായില്ലെങ്കിൽ കടുത്ത മാനസികവിഷമം നേരിടുന്ന ഡോക്ടർമാരുണ്ട്. ആ പ്രശ്നങ്ങൾ ചിലപ്പോൾ മാസങ്ങളോളം നീണ്ടുനിൽക്കും. പ്രാക്ടീസ് തുടങ്ങുന്ന സമയത്ത് ജൂനിയർ ഡോക്ടർമാരിലാണ് ഈ പ്രവണത കൂടുതലും കണ്ടുവരുന്നത്.

**പഠനകാലം മുതലേ തുടങ്ങുന്ന സമ്മർദ്ദങ്ങൾ**

ആതുരസേവനം ജീവിതലക്ഷ്യമായി കണ്ടുകൊണ്ട് ഡോക്ടർമാരാകുന്ന നിരവധിപേരുണ്ട്. വീട്ടിൽ അച്ഛനമ്മമാരോ അടുത്ത ബന്ധുക്കളോ ഡോക്ടർമാരായത് കൊണ്ടുമാത്രം എംബിബിഎസ് തെരഞ്ഞെടുക്കാൻ നിർബന്ധിതരായവരും വേറെ. എംബിബിഎസ് അഡ്മിഷനുള്ള പ്രവേശനപരീക്ഷകൾ വളരെ ബുദ്ധിമുട്ടേറിയതാണെന്ന് പറയേണ്ടതില്ലല്ലോ. വർഷങ്ങൾ നീണ്ട തയാറെടുപ്പിനൊടുവിൽ പലതവണ പരീക്ഷയെഴുതിയാണ് അഡ്മിഷൻ നേടുന്നത്. അക്കാലമത്രയും വീട്ടുകാരുടെയും ബന്ധുക്കളുടെയും സമ്മർദ്ദം സഹിക്കണം. പഠനച്ചെലവുകൾക്ക് ഭാരിച്ച സാമ്പത്തികബുദ്ധിമുട്ടുമുണ്ട്. മറ്റ് ബിരുദങ്ങളെപ്പോലെ അത്ര എളുപ്പവുമല്ല പഠനം.ആദ്യമായി വീട്ടിൽ നിന്ന് മാറിനിന്ന് പഠിക്കുമ്പോൾ പുതിയ അന്തരീക്ഷവുമായി ഇണങ്ങിച്ചേരാൻ സമയമെടുക്കും. അതിനിടയിൽ റാഗിങ്ങ് പോലെയുള്ള പ്രശ്നങ്ങളും നേരിടേണ്ടി വന്നേക്കാം. ഇക്കാലത്ത് വ്യക്തിബന്ധങ്ങളും (സൗഹൃദം/പ്രണയം) കലുഷിതമാകാറുണ്ട്. രോഗികളുമായി നേരിട്ട് ഇടപെട്ടുതുടങ്ങുമ്പോൾ അതീവഗുരുതരമായ രോഗാവസ്ഥകളും മരണവും കണ്മുൻപിൽ കാണും. ആദ്യമൊക്കെ ആരും പതറിപ്പോകും. കടുത്ത മാനസികസംഘർഷങ്ങൾ കാരണം പലരും പഠനം പാതിവഴിയിൽ ഉപേക്ഷിക്കും. ചിലരിൽ ആത്മഹത്യാചിന്തകൾ വരെയുണ്ടാകും. കൃത്യമായ സമയത്ത് ഒരു മാനസികാരോഗ്യ വിദഗ്ധന്റെ സഹായം കിട്ടിയില്ലെങ്കിൽ അപകടമാകാം.



**ആശുപത്രികളിലെ സാഹചര്യം**

മഴക്കാലത്തും മറ്റും നാട്ടിൽ പകർച്ചവ്യാധികൾ പെരുകുന്ന സീസണിൽ ഡോക്ടർമാർക്ക് അധികജോലിഭാരമാണ്. ഈ സമയം രോഗികളുടെ എണ്ണവും രോഗത്തിന്റെ തീവ്രതയും കൂടുതലായിരിക്കും. പലപ്പോഴും ഒന്നിലേറെ ഷിഫ്റ്റുകളിൽ തുടർച്ചയായി ഒരു ഡോക്ടറിന് ജോലി ചെയ്യേണ്ടിവരാം. തിരക്കിന് അനുസരിച്ച് ആവശ്യത്തിന് സൗകര്യങ്ങളോ എല്ലാ രോഗികൾക്കും വേണ്ട മെഡിക്കൽ ഉപകരണങ്ങളോ മരുന്നോ ഉണ്ടാകണമെന്നുമില്ല. എല്ലാ ഷിഫ്റ്റുകളിലും ആവശ്യത്തിന് ഡോക്ടർമാരില്ലെങ്കിൽ ജോലിഭാരം പിന്നെയും കൂടും. നിരന്തരം രാത്രികാല ഷിഫ്റ്റുകളിൽ ജോലി ചെയ്യുമ്പോൾ ഉറക്കമില്ലാത്തതിന്റെ ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. ഡോക്ടർമാരുടെ വ്യക്തിബന്ധങ്ങളിലും കുടുംബജീവിതത്തിലും വരെ ഇത്തരം അധികചുമതലകൾ പ്രശ്നമാകാറുണ്ട്.

കോവിഡ് പോലെയുള്ള മഹാമാരികളുടെ കാലത്തും പതറാതെ മുന്നിൽനിന്ന് പോരാടിയവരാണ് ഡോക്ടർമാർ. ഇത്തരം പുതിയ വെല്ലുവിളികൾ മുന്നിലെത്തുമ്പോൾ മുൻപ് പരീക്ഷിച്ചുതെളിയിച്ച ചികിത്സാപദ്ധതികൾ ഇല്ലാത്തതിനാൽ ഒറ്റയ്ക്ക് കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതായിവരും. ഡോക്ടർമാരുടെ വീടുകളിലും അവരുടെ കുട്ടികളും പ്രായമായ അച്ഛനമ്മമാരും ഉണ്ടാകും. തങ്ങളിലൂടെ കുടുംബാംഗങ്ങളിലേക്കും രോഗം പകരുമോയെന്ന ഭയം വേറെ. ഇങ്ങനെ, പുറമെ നിന്ന് നോക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയാത്ത നിരവധി ആശങ്കകളെ ഉള്ളിലൊതുക്കികൊണ്ടാണ് ഓരോ ഡോക്ടർമാരും നിസ്വാർത്ഥം സേവനമനുഷ്ഠിക്കുന്നത്.

ഡോക്ടർമാരോടുള്ള രോഗികളുടെയും കൂട്ടിരുപ്പുകാരുടെയും പെരുമാറ്റത്തിലും സമീപനത്തിലും വ്യത്യാസങ്ങളുണ്ടാകും. മോശമായി പെരുമാറുന്നവരും ചികിത്സയോട് സഹകരിക്കാൻ തയാറാകാത്തവരുമുണ്ട്. ഇങ്ങനെ പലതരത്തിലുള്ള ആളുകളുമായി നിരന്തരം ഇടപെടേണ്ടി വരുമ്പോൾ ഡോക്ടർമാർ മാനസികമായി തളരും. പൊതുവെ അധികമാരും ഡോക്ടർമാരെ അഭിനന്ദിക്കുകയോ നന്ദി പറയുകയോ ചെയ്യാറില്ല. അതവരുടെ ജോലിയുടെ ഭാഗമാണെന്ന് കരുതി എല്ലാവരും സൗകര്യപൂർവം ഒഴിയും.

**ഡോക്ടർമാർ ദൈവികമല്ല, സാധാരണ മനുഷ്യരാണ്**

വിഷാദം, ഉത്കണ്ഠ, ആത്മഹത്യാപ്രവണത എന്നിവയാണ് ഡോക്ടർമാർക്കിടയിൽ ഏറ്റവുമധികം കണ്ടുവരുന്ന മാനസിക പ്രശ്നങ്ങൾ. സ്വന്തം ഇഷ്ടങ്ങൾക്കും ആവശ്യങ്ങൾക്കും സമയം കണ്ടെത്താനാകാതെ എപ്പോഴും ജോലി ചെയ്യാൻ നിർബന്ധിതരാകുന്നവരിൽ ഉണ്ടാകുന്ന 'ബേൺ ഔട്ട്' എന്ന പ്രശ്നവും അധികമായി കണ്ടുവരുന്നു. അത്യാഹിതവിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരിൽ ദിവസങ്ങളോ മാസങ്ങളോ നീണ്ടുനിൽക്കുന്ന ട്രോമയും സ്ട്രെസും ഉണ്ടാകാറുണ്ട്.ജോലി സമയത്തിനപ്പുറം ഉല്ലാസകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സമയം കണ്ടെത്തണം. ഇഷ്ടമുള്ള വ്യായാമം ചെയ്യുന്നതും യോഗ, മെഡിറ്റേഷൻ എന്നിവ ശീലിക്കുന്നതും മാനസികസമ്മർദ്ദം കുറയ്ക്കാൻ സഹായിക്കും. ഉറക്കവും വിശ്രമവും അവഗണിച്ചുകൊണ്ടുള്ള പ്രാക്ടീസും ജോലിയിലെ പ്രകടനം കൂടുതൽ മോശമാകാൻ ഇടയാക്കും. സഹപ്രവർത്തകരുമായി നല്ല ബന്ധങ്ങൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. നേഴ്സുമാർ, ലാബ് ടെക്നീഷ്യൻസ്, മറ്റ് ആശുപത്രി ജീവനക്കാർ എന്നിവരും അതിലുൾപ്പെടും. തൊഴിലിടത്തെ സമ്മർദ്ദങ്ങൾ കുറയ്ക്കാൻ വലിയൊരളവ് വരെ അത് സഹായിക്കും. സീനിയർ ഡോക്ടർമാരുമായി മനസുതുറന്ന് സംസാരിക്കാനുള്ള സാഹചര്യമുണ്ടാകണം.

കുടുംബത്തോടൊപ്പം ക്വാളിറ്റി ടൈം ചെലവഴിക്കാനും സമയം കണ്ടെത്തണം. ലഭ്യമായ അവധികൾ ഉന്മേഷകരമായ യാത്രകൾക്കും മറ്റും ഉപയോഗിക്കാം. ആശുപത്രിയിലെ പ്രശ്നങ്ങൾക്ക് പുറത്ത്, വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും പല പ്രശ്നങ്ങളും ഡോക്ടർമാർ അഭിമുഖീകരിക്കാറുണ്ട്. ഉയർന്ന വരുമാനമുണ്ടെങ്കിലും തെറ്റായ തീരുമാനങ്ങൾ കാരണം സാമ്പത്തിക പ്രതിസന്ധിയിലായ നിരവധി ഡോക്ടർമാരുമുണ്ട്. കരിയറിൽ കൃത്യമായ അതിർത്തികൾ നിർണയിക്കുകയും അവ ബഹുമാനിക്കപ്പെടുന്നുണ്ട് എന്നുറപ്പാക്കുകയും വേണം. നമ്മൾ മനുഷ്യരായത് കൊണ്ടുതന്നെ എത്രയൊക്കെ ശ്രമിച്ചാലും ചില രോഗികളുടെ അവസ്ഥ നമ്മുടെ മനസ്സിനെ വല്ലാതെ പിടിച്ചുലയ്ക്കും. അത് ഈ തൊഴിലിന്റെ ഭാഗമാണെന്ന് മനസ്സിലാക്കണം. വ്യക്തിജീവിതത്തെ ബാധിക്കാൻ ആ അനുഭവങ്ങളെ അനുവദിക്കരുത്. ആവശ്യമെങ്കിൽ അടുത്ത സുഹൃത്തുക്കളോട് ആ അനുഭവങ്ങൾ പങ്കുവെച്ച് മനസിന്റെ ഭാരം ഒഴിവാക്കാം.

രോഗങ്ങൾ പലപ്പോഴും മനുഷ്യന് നിയന്ത്രിക്കാനാകാത്ത ചില ഘട്ടങ്ങളിലേക്ക് കടക്കാറുണ്ട്. ഡോക്ടർമാർ എത്ര പരിശ്രമിച്ചാലും അവിചാരിതമായി അനിഷ്ട സംഭവങ്ങൾ ഉണ്ടാകാം. അവ എപ്പോഴും ഡോക്ടർമാരുടെ പിഴവ് കൊണ്ടല്ല. പലപ്പോഴും രോഗികൾ മരണപ്പെടുമ്പോൾ ആ വാർത്ത ബന്ധുക്കളെ അറിയിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം ഡോക്ടർമാർക്കാണ്. ആശയവിനിമയത്തിൽ ഏറെ പക്വതയും വ്യക്തതയും ഇത്തരം സന്ദർഭങ്ങളിൽ ആവശ്യമാണ്. എത്ര സമ്മർദ്ദമുള്ളപ്പോഴും സംയമനം പാലിക്കാനും രോഗികളോട് അനുകമ്പയോടെ പെരുമാറാനും ശ്രദ്ധിക്കണം. തൊഴിലിടത്തിലെ ഇത്തരം ദൈനംദിന പ്രശ്നങ്ങളെ ഫലപ്രദമായി നേരിടാൻ ഡോക്ടർമാർക്ക് പരിശീലനവും ആവശ്യമാണ്.

ഡോക്ടർമാർക്ക് തെറ്റുകൾ പറ്റില്ലെന്നും അവർ എല്ലാം തികഞ്ഞവരാണെന്നുമുള്ള ധാരണതന്നെ വലിയ ഭാരമാകാറുണ്ട്. ആവശ്യമുള്ള ഘട്ടത്തിൽ ഒരു മാനസികാരോഗ്യ വിദഗ്ധന്റെ സഹായം തേടുക തന്നെ വേണം. പല ഡോക്ടർമാരും സാമൂഹികമായ ദൂഷണങ്ങൾ ഭയന്ന് സഹായം തേടാനും സ്വന്തം ബലഹീനതകൾ പുറത്തുകാണിക്കാനും മടികാണിക്കാറുണ്ട്. ആശുപത്രികളിൽ മെച്ചപ്പെട്ട പൗരബോധവും മര്യാദകളും പ്രോത്സാഹിപ്പിക്കാനായാൽ നമ്മുടെ ആരോഗ്യരംഗത്തിനാകെ അത് ഗുണം ചെയ്യും. ഓരോ ഡോക്ടർമാരും നാടിന് അനുഗ്രഹമാണ്. അവരുടെ ജോലി ഭംഗിയായും സുരക്ഷിതമായും ചെയ്യാനുള്ള സാഹചര്യങ്ങൾ ഉണ്ടായെങ്കിൽ മാത്രമേ, അതിന്റെ പ്രയോജനം നമുക്ക് കിട്ടുകയുള്ളു.




# ഡോക്ടേഴ്സ് ദിനം: ഷാഡോ ഡോക്ടർമാരായി സ്കൂൾ വിദ്യാർത്ഥികൾ

**തിരുവനന്തപുരം:** ആശുപത്രികളിൽ ഡോക്ടർമാരുടെ തിരക്കിട്ട ജോലികളെ അടുത്തറിയാനും പ്രചോദനം നൽകുന്നതിനുമായി സ്കൂൾ വിദ്യാർത്ഥികൾക്ക് ഷാഡോ ഡോക്ടർ പദ്ധതി അവതരിപ്പിച്ച് എസ് പി മെഡിഫോർട്ട് ഹോസ്പിറ്റലിന്റെ വേറിട്ട ഡോക്ടേഴ്സ് ദിനാചരണം ശ്രദ്ധേയമായി. രാജ്യത്തെ ഏറ്റവും ഉയരം കുറഞ്ഞ ഡോക്ടറെന്ന വിശേഷിപ്പിക്കപ്പെടുന്ന ഗുജറാത്തുകാരൻ ഡോ. ഗണേഷ് ബരയ്യയായിരുന്നു മുഖ്യാതിഥി. ഷാഡോ ഡോക്ടർ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത 200ഓളം വിദ്യാർത്ഥികളാണ് ഡോക്ടർ വേഷത്തിൽ ഒരു ദിവസം ആശുപത്രിയിൽ ചെലവിട്ട് ചികിത്സാ മുറകളും രോഗീ പരിചരണവും ഡോക്ടർമാരുടെ ദൈനംദിന പ്രവർത്തനങ്ങളും നേരിട്ടറിഞ്ഞത്.

മെഡിക്കൽ രംഗത്തു പ്രവർത്തിക്കുന്ന പ്രൊഫഷനലുകൾ നിത്യേന നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും, രോഗികൾക്ക് ഉയർന്ന ഗുണനിലവാരമുള്ള ചികിത്സയും പരിചരണവും നൽകുന്ന രീതികളെ കുറിച്ചും പുതിയ തലമുറയെ ബോധവൽക്കരിക്കുകയും അവരെ പ്രചോദിപ്പിക്കുകയുമാണ് ഷാഡോ ഡോക്ടർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് ജോയിന്റ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ എസ്. പി. സുബ്രമണ്യൻ പറഞ്ഞു.

സി.എ ദിനം കൂടിയായിരുന്ന തിങ്കളാഴ്ച എസ് പി മെഡിഫോർട്ട് ഹോസ്പിറ്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ) അംഗങ്ങൾക്കും സൗജന്യ ആരോഗ്യ പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. ഇവർക്ക് ഒരു വർഷത്തെ ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്ന ഗോൾഡ് മെംബർഷിപ്പും വിതരണം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ഡോ. എസ്. ആദിത്യ, അദ്വൈത് എ ബാല, ഡോ. അതുല്യ എ ഭാഗ്യ എന്നിവരും ചടങ്ങിൽ സംസാരിച്ചു. എസ് പി മെഡിഫോർട്ട് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എസ്. പി. അശോകൻ, ജോയിന്റ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ എസ്. പി. സുബ്രമണ്യൻ, ഐഎംഎ പ്രസിഡന്റ് ഡോ. ജി എസ്. വിജയകൃഷ്ണൻ, ഇൻകെൽ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. കെ ഇളങ്കോവൻ ഐഎഎസ് എന്നിവർ പങ്കെടുത്തു



# ഇടവേളകളില്ലാതെ പ്രകാശനം ചെയ്തു

**കൊച്ചി:** ലിപി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച കെ. സുരേഷ് തയ്യാറാക്കിയ, അഭിനയ ചാതുരി കൊണ്ട് മലയാളമനസ്സിൽ ഇടംപിടിച്ച ഇടവേളബാബുവിന്റെ ആത്മകഥാംശമുള്ള 'ഇടവേളകളില്ലാതെ' എറണാകുളം ഗോകുലം കൺവെൻഷൻ സെന്ററിൽവെച്ച് ചലച്ചിത്രതാരസംഘടനയായ 'അമ്മ'യുടെ മുപ്പതാം വാർഷിക ജനറൽബോഡി യോഗത്തിൽവെച്ച് കേന്ദ്ര പെട്രോളിയം മന്ത്രിയും പ്രശസ്ത ചലച്ചിത്ര നടനുമായ സുരേഷ് ഗോപി, പത്മഭൂഷൺ മോഹൻലാലിന് നൽകി പ്രകാശനം ചെയ്തു. ശ്വേതാ മേനോൻ, മണിയൻപിള്ള രാജു, സിദ്ദിഖ്, ജയസൂര്യ, കെ. സുരേഷ്, ലിപി പബ്ലിക്കേഷൻസ് സാരഥി ലിപി അക്ബർ എന്നിവർ സംബന്ധിച്ചു. ഈ പുസ്തകത്തിൽ ഇടവേള ബാബുവിന്റെ ജീവിതം മാത്രമല്ല, കുറിച്ചിട്ടിരിക്കുന്നതിലേറെയും അമ്മയെന്ന സംഘടനെയെ കുറിച്ചുമാണ്. അതിന്റെ പിറവി, സംഘടന നേരിട്ട പ്രതിസന്ധികൾ, അതിനെ അതിജീവിച്ച വഴികൾ എല്ലാം വിശദമായി പ്രതിപാദിക്കുന്ന ഈ കൃതിക്ക് ഭംഗിയായി അവതാരിക എഴുതിയത് പത്മഭൂഷൺ മോഹൻലാലാണ്. എല്ലാ സിനിമാപ്രവർത്തകരും തീർച്ചയായും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ് 'ഇടവേളകളില്ലാതെ'.

# സഹൃദയയ്ക്ക് പുരസ്കാരം

**കൊച്ചി :** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ് കേരള ചാപ്റ്റർ മികച്ച സാമൂഹ്യ പ്രവർത്തന സംഘടനയ്ക്കായി ഏർപ്പെടുത്തിയ പുരസ്കാരം എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയ്ക്ക് ലഭിച്ചു. ആറു പതിറ്റാണ്ടുകാലത്തെ സാമൂഹ്യ, പാരിസ്ഥിതിക രംഗത്തെ പ്രവർത്തനങ്ങൾ മാനിച്ചാണ് പുരസ്കാരം. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച എൻ.ഐ.പി.എം. കേരള ചാപ്റ്റർ വാർഷിക സമ്മേളനത്തിൽ കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിലിന് അമ്പതിനായിരം രൂപയും സാക്ഷ്യപത്രവുമടങ്ങിയ പുരസ്കാരം കൈമാറി. എൻ.ഐ.പി.എം. കേരള ചാപ്റ്റർ ചെയർമാൻ ജോൺസൺ മാത്യു, സെക്രട്ടറി ക്ഷേമ സന്ദീപ്, സഹൃദയ ചീഫ് കൺസൾട്ടന്റ് തോമസ് കടവൻ എന്നിവർ സന്നിഹിതരായിരുന്നു.

# നിഫ്റ്റി വൺ ഡി റേറ്റ് ലിക്വിഡ് ഇടിഎഫുമായി ശ്രീറാം എഎംസി

**കൊച്ചി:** നിഫ്റ്റി വൺ ഡി റേറ്റ് ലിക്വിഡ് ഇടിഎഫുമായി ശ്രീറാം എഎംസി. ഓഹരി ഇടപാടുകാർ മുഖേനയോ, നിക്ഷേപ സേവന കേന്ദ്രങ്ങളിൽ നേരിട്ട് അപേക്ഷ സമർപ്പിച്ചോ നിക്ഷേപർക്ക് ജൂലൈ മൂന്ന് വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാം. ഈ പുതിയ ഫണ്ടിലെ (എൻഎഫ്ഒ) ഏറ്റവും കുറഞ്ഞ നിക്ഷേപ തുക 1000 രൂപയാണ്. ഇതിന്റെ മടങ്ങുകളായും നിക്ഷേപിക്കാം. ഉയർന്ന പണലഭ്യതയാണ് ഈ ഫണ്ടിന്റെ പ്രത്യേകത. പലിശ നിരക്കിലെ അസ്ഥിരത ഈ ഫണ്ടിനെ ബാധിക്കാൻ സാധ്യത കുറവാണ്. സേവിങ്സ് നിക്ഷേപങ്ങളേക്കാൾ ഉയർന്ന ആദായം നൽകുന്നുവെന്നതാണ് ഈ ഫണ്ടിന്റെ സവിശേഷതയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

